# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.(പി.കെ.ഡി) പി 12/1763/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 21/12/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.(പി.കെ.ഡി) പി 12/1763/23 തീയ്യതി: 21/12/2023

## പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-03-2023 മുതൽ 01-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ വി കെ | ഡെപ്യൂട്ടി ഡയറക്ടർ | 02-11-2023 | 10-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-11-2023 | 10-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രാജിക.സി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ജയദേവ് .ബി | സെക്രട്ടറി | 01-04-2022 | 06-10-2022 |
| ശ്രീ.മനോജ്.പി | സെക്രട്ടറി | 07-10-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അമ്പിളി.എൻ | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ചിത്രാ ഭാസ്കരൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. കെ.പ്രേംകുമാർ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. ധന്യ എസ്.ഡി | മെഡിക്കൽ ഓഫീസർ (അലോപ്പതി.) | 01-04-2022 | 31-03-2023 |
| ഡോ.കൃഷ്ണകുമാർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 30-05-2022 |
| ഡോ.ഷഹാനചെല്ലി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 31-05-2022 | 13-06-2022 |
| ഡോ.എസ്.എം.ഷബാന | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 14-06-2022 | 29-08-2022 |
| ഡോ.ഷഹാനചെല്ലി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 30-08-2022 | 07-09-2022 |
| ഡോ.ഷിഹാബുദ്ദീൻ.എൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 08-09-2022 | 15-09-2022 |
| ഡോ.അനിജ.എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 16-09-2022 | 06-10-2022 |
| ഡോ.ഷിഹാബുദ്ദീൻ.എൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 07-10-2022 | 31-10-2022 |
| ഡോ.അനിജ.എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-11-2022 | 28-11-2022 |
| ഡോ.ഷിഹാബുദ്ദീൻ.എൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 29-11-2022 | 31-03-2023 |
| ശ്രീമതി.അംബിക | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 27-03-2023 |
| ശ്രീമതി.തുളസീദേവി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 28-03-2023 | 31-03-2023 |
| ധന്യ.കെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. അമൃത ഉണ്ണി | കൃഷി ഓഫീസർ | 01-04-2022 | 23-04-2022 |
| ശ്രീ.സുനിൽകുമാർ.എൻ.വി | കൃഷി ഓഫീസർ | 23-04-2022 | 31-10-2022 |
| ശ്രീമതി.ആമിന.എസ് | കൃഷി ഓഫീസർ | 31-10-2022 | 31-03-2023 |
| ശ്രീ. രാധാകൃഷ്ണൻ. കെ | അസി.സെക്രട്ടറി | 01-04-2022 | 31-10-2022 |
| ശ്രീ.ശിവശങ്കരൻ.എ | അസി.സെക്രട്ടറി | 02-11-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രികയോടൊപ്പം എല്ലാ ഷെഡ്യൂളുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല | 1-1-3 |
| 5 | ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിച്ചിട്ടില്ല | 1-1-5 |
| 7 | വാർഷിക കണക്കിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്ത തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വസ്തു നികുതി റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | വസ്തു നികുതി നോൺ-റെസിഡൻഷ്യൽ തൻവർഷം -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-9 |
| 11 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല | 1-1-10 |
| 12 | B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | തൊഴിലുറപ്പ് പദ്ധതി- കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | വസ്തു നികുതി പരിഷ്കരണം-അവലോകനം | 1-11 |
| 24 | വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് സംബന്ധിച്ച് | 1-12 |
| 25 | വസ്തുനികുതി- തെറ്റായഗണത്തിൽപ്പെടുത്തി നിർണ്ണയിച്ചിരിക്കുന്നു | 1-13 |
| 26 | മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല | 1-14 |
| 27 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യൽ- നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-15 |
| 28 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-16 |
| 29 | ലൈവ്സ്റ്റോക്ക് ഫാമുകൾ-പരിശോധന നടത്തുന്നില്ല | 1-17 |
| 30 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-18 |
| 31 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-19 |
| 32 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ വിവരം ലഭ്യമായിട്ടില്ല | 1-20 |
| 33 | ABC പ്രോഗ്രാം തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല | 1-21 |
| 34 | മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ ലഭ്യമാക്കിയതിന്റെ ബില്ലുകൾ ലഭ്യമായില്ല.യഥാർത്ഥ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-22 |
| 35 | വി.ഇ.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടറുകൾ ലഭ്യമായില്ല | 1-23 |
| 36 | എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണം വാങ്ങൽ ഉറവിടത്തിൽ നിന്ന് GST TDS കുറവുചെയ്തില്ല | 1-24 |

| | | |
|---|---|---|
| 37 | പാലിയേറ്റീവ് കെയർ വാഹനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-25 |
| 38 | കെ.എം.എസ്.സി.എല്ലിൽ നിന്നും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-26 |
| 39 | കോക്ലിയർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ റിപ്പയറിംഗിന് തുക കൈമാറൽ - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-27 |
| 40 | ലൈഫ് ഭവന പദ്ധതി - വീട് പണിപൂർത്തീകരിച്ച ഗുണഭോക്താക്കൾ - തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-28 |
| 41 | ILGMS – പഞ്ചായത്തിലേക്ക് ലാപ്പ്ടോപ്പുകൾ, ഹൈസ്പീഡ് സ്കാനർ ,ജനറേറ്റർ എന്നിവ വാങ്ങൽ -ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായില്ല | 1-29 |
| 42 | സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി ക്ക് തുക കൈമാറൽ - വിനിയോഗ വിവരം ലഭ്യമല്ല | 1-30 |
| 43 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല | 1-31 |
| 44 | തെരുവുവിളക്ക് പരിപാലനം | 1-32 |
| 45 | ഇ-ടെൻണ്ടർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല | 1-33 |
| 46 | വാങ്ങൽ പ്രവൃത്തിയിൽ ഒരിനം മാത്രം വാങ്ങി പ്രോജക്ട് അവസാനിപ്പിച്ചിരിക്കുന്നു | 1-34 |
| 47 | വയൽവിദ്യാലയം എന്ന പ്രോജക്ടിൽ ചെലവുകൾ നിർവ്വഹിച്ചത് ക്രമപ്രകാരമല്ല | 1-35 |
| 48 | അർഹതാ മാനദണ്ഡങ്ങൾ വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-36 |
| 49 | രേഖകളുടെ,റജിസ്റ്ററുകളുടെ സൂക്ഷിപ്പ് | 1-37 |
| 50 | ഹരിത കർമ്മസേനയുടെ പ്രവർത്തനം - അവലോകനം | 1-38 |
| 51 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല – തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-39 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.07.23 തിയതിയിലെ 2(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 11.09.23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

സ്ഥലം: പാലക്കാട്

തീയതി: 21-12-2023

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ - അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ - പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

സി) ചട്ടം 62(3) – മുൻ വർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല

**1-1-2 വാർഷിക ധനകാര്യ പത്രികയോടൊപ്പം എല്ലാ ഷെഡ്യൂളുകളും ഉൾപ്പെടുത്തിയിട്ടില്ല**

വാർഷിക ധനകാര്യ പത്രികക്കൊപ്പം തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് (B1 Schedule) ഉൾപ്പെടുത്തിയിട്ടില്ല.

**1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ ഉണ്ട്. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)22603.00 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 40466731.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-4 ഡിമാന്റ് ഉത്തരവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല**

2022-23ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്തരവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധൂത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിച്ചിട്ടില്ല**

ബാലൻസ് ഷീറ്റിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി ILGMS സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല.

**1-1-6 വാർഷിക കണക്കിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്ത തുകകളും പൊരുത്തപ്പെടുന്നില്ല**

വസ്തുനികുതി (സഞ്ചയ)

ജീവനക്കാരുടെ തൊഴിൽ നികുതി

തൊഴിൽ നികുതി - സ്ഥാപനങ്ങൾ, ട്രേഡേഴ്സ്

പെർമിറ്റ് ഫീ

വാടക

**1-1-7 വസ്തു നികുതി റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല**

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. ആയതിനാൽ തന്നെ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

വസ്തു നികുതി റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2170133 | 2172861 | 203 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2070155 | 2050928 | 122735 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ഷെഡ്യൂൾ ആർ.പി-45) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

**1-1-8 വസ്തു നികുതി നോൺ-റെസിഡൻഷ്യൽ തൻവർഷം -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല**

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1599817 | 1596714 | 1137 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1517207 | 1515876 | 77191 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ഷെഡ്യൂൾ ആർ.പി-45) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

**1-1-9 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല**

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി

സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

4വാടക ഡിമാന്റ് രജിസ്റ്റർ

5 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

### 1-1-10 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല

ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഡിപ്രിസിയേഷൻ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-1-11 B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 4 ൽ CFC Tied & Basic Grant എന്ന ഹെഡ്ഡിൽ 31.3.23 ൽ 8,54,005/- രൂപ ബാലൻസ് ഉണ്ട്. എന്നാൽ മേൽ ഫണ്ട് സൂക്ഷിച്ചിരിക്കുന്ന HDFC ബാങ്ക് അക്കൗണ്ടിലെ ബാലൻസ് 7,88,210/- രൂപയാണ്.

### 1-1-12 തൊഴിലുറപ്പ് പദ്ധതി- കണക്കുകൾ പൊരുത്തപ്പെടുന്നില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് ചിലവ് കണക്കുകൾ വാർഷിക ധനകാര്യപത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

സ.ഉ (സാധാ) നം. 3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ', 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 175, 214 എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.

18.03.2022ന് ചേർന്ന യോഗത്തിലെ തീരുമാനം 1 (1) പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 09.03.2023 ലെ ഭരണസമിതി തീരുമാനം 1 പ്രകാരം 2022-23 ലെ റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചിട്ടുണ്ട്

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,28,00,250 |
| തൻവർഷം വരവ് | 21,10,79,800 |
| ആകെ വരവ് | 22,38,80,050 |
| ചെലവ് | 20,34,52,300 |
| നീക്കിയിരിപ്പ് | 2,04,27,750 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,68,62,550 |
| വരവ് | 4,05,32,747 |
| ആകെ | 5,73,95,297 |
| ചെലവ് | 4,05,55,350 |
| നീക്കിയിരിപ്പ് | 16839947 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 17143000 | 17143000 | 16949200 | 193800 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7675150 | 7675150 | 7675150 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 25824000 | 25824000 | 25824000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4570000 | 4570000 | 4240005 | 329995 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Basic Grant (Bank) | 349988 | 2801934 | 3151922 | 2945008 | 206914 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Basic Grant (Treasury) | 0 | 13227 | 13227 | 12323 | 904 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied (Bank) | 2941960 | 4000000 | 6941960 | 6294869 | 647091 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied (Treassury) | | 12 | 12 | 12 | 0 |
| Health Grant | 0 | 289422 | 289422 | 182446 | 106976 |
| Health Grant-conversion Of PHCs | 0 | 145961 | 145961 | 0 | 145961 |

കേന്ദ്രാവിഷ്കൃതം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ICDS | 1340218 | 897876 | 2238094 | 184541 | 2053553 |
| സമ്പൂർണ്ണ ശുചിത്വം (TSC) | 18270 | 49582 | 67852 | 0 | 67852 |

ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3717 | 1104222 | 1107939 | 31000 | 1076939 |
| തൊഴിലാളികളുടെ വേതനം | 0 | 20257433 | 20257433 | 20257433 | 0 |
| ആകെ മെറ്റീരിയൽ വർക്ക് (ക്യാപിറ്റൽ കോൺട്രിബ്യൂഷൻ) | | 5338996 | 5338996 | 5338996 | |
| ആകെ | 3717 | 26700651 | 26704368 | 25627429 | 1076939 |

വാർഷിക ധനകാര്യ പത്രികയിലെ I 6+B3 യിലെ തുകയും I 14(C)+I 14(F) തുകയും പരസ്പരം പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| മികച്ച പഞ്ചായത്ത് അവാർഡ് | 700000 | 0 | 700000 | 0 | 700000 |

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവുകളും എ.സി.ആർ പ്രകാരമുള്ളവരവുകളുംപൊരുത്തപ്പെടുന്നില്ല. വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി, മെയിന്റനൻസ്, നോൺ-റോഡ്, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Basic Grant (Bank) എന്നിവ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 209 | 103191312 | 180 | 78133563 | 0 | 29 | 86.12 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകളുടേയും നടപ്പാക്കിയ പ്രോജക്റ്റുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 4273563 | 3100798 | 72.55 |
| വി.ഇ.ഒ | 27 | 24 | 30853159 | 17302552 | 56.08 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 18 | 16 | 4917255 | 4044227 | 82.24 |
| സെക്രട്ടറി | 36 | 24 | 9572392 | 7159847 | 74.79 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 90 | 80 | 39834800 | 34104202 | 85.61 |
| മെഡിക്കൽ ഓഫീസർ-PHC | 11 | 10 | 3667992 | 3043360 | 82.97 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1250000 | 1250000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 4 | 4 | 1259500 | 1259500 | 100 |
| അസി.സെക്രട്ടറി | 7 | 6 | 3827651 | 3143231 | 82.11 |
| വെറ്ററിനറി സർജൻ | 9 | 9 | 3735000 | 3725846 | 99.75 |
| ആകെ | 209 | 180 | 103191312 | 78133563 | 83.61 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3717 | 1104222 | 1107939 | 31000 | 1076939 |
| തൊഴിലാളികളുടെ വേതനം | 0 | 20257433 | 20257433 | 20257433 | |
| ആകെ മെറ്റീരിയൽ വർക്ക് (ക്യാപിറ്റൽ കോൺട്രിബ്യൂഷൻ) | | 5338996 | 5338996 | 5338996 | |
| ആകെ | 3717 | 26700651 | 26704368 | 25627429 | 1076939 |

വാർഷിക ധനകാര്യ പത്രികയിലെ I 6+B3 യിലെ തുകയും I 14(C)+I 14(F) തുകയും പരസ്പരം പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3918000 | 324 |
| വിധവാപെൻഷൻ | 12316400 | 1201 |
| വാർദ്ധക്യകാലപെൻഷൻ | 20358000 | 1981 |
| വികലാംഗപെൻഷൻ | 3383000 | 311 |
| 50വയസിന് മുകളിൽ | 1555400 | 153 |

| | | |
|---|---|---|
| പ്രായമുള്ള അവിവാഹതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | |
| വിവാഹത്തിനുള്ള ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2023 ന് സ്ഥാപനത്തിലെ ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തി. 4248/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്റ്റിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്ന ബജറ്റ് അംഗീകരിച്ചിട്ടുണ്ടെങ്കിലും ബജറ്റ് പ്രകാരമുള്ള ചെലവുകളെ വാർഷികപദ്ധതി പ്രകാരമുള്ള ചെലവുകളുമായി സംയോജിപ്പിച്ച് ധനകാര്യ റിപ്പോർട്ടിംഗിൽ സ്ഥാപനതലനിയന്ത്രണം സാധ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

22-3-2018 മുതൽ 28-3-2018 വരെയുള്ള തിയതികളിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2012-2013 മുതൽ 2016-17 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പെർഫോമൻസ് ഓഡിറ്റ് 1/23 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

## 1-11 വസ്തു നികുതി പരിഷ്കരണം-അവലോകനം

**വസ്തു നികുതി പരിഷ്കരണം- അന്തിമ വിജ്ഞാപനം നടത്തിയതിന്റെ വിവരങ്ങൾ**

തദ്ദേശസ്വയംഭരണവകുപ്പിന്റെ 22.03.2023 ലെ സ.ഉ.(കൈ)77/23/എൽഎസ്ജിഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പുതുക്കി നിശ്ചയിച്ച് 27.05.2023 ലെ കമ്മിറ്റി തീരുമാനം9(1) പ്രകാരം 15.06.23 ന് കരട് വിജ്ഞാപനം ചെയ്ത് ആക്ഷേപം സ്വീകരിച്ചിട്ടുള്ളതാണ്. 26.07.2023ലെ 5(1) നമ്പർ തീരുമാനപ്രകാരം വിജ്ഞാപനം അന്തിമമാക്കുകയും 11.08.2023 തിയതിയിൽ അന്തിമവിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. 2023 ആഗസ്റ്റ് 12 തിയതിയിൽ വിവിധ പത്രങ്ങളിൽ വിജ്ഞാപനം പരസ്യപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ വസ്തുനികുതി നിരക്കുകൾ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25%

വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മേൽ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്.

**ഡാറ്റാ എൻട്രി ഓപ്പറേറ്റർ നിയമനം.**

വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതാണ്. വിവരശേഖരണം നടത്തുന്നതിനായി 2 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ടെങ്കിലും പ്രവർത്തികൾ ആരംഭിച്ചിട്ടില്ല.

**റോഡ് മാപ്പ് തയ്യാറാക്കിയിട്ടില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് മാപ്പ് തയ്യാറാക്കാത്തതിനാൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്, ഇളവ് എന്നിവ പരിശോധിക്കുന്നതിന് സാധിച്ചില്ല.

**സേവന ഉപനികുതി ചുമത്തിയതിന്റെ വിവരങ്ങൾ**

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ) നിലവിൽ ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നില്ല. ആയതിനുള്ള സാധ്യത ഭരണ സമിതിപരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

**1-12 വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് സംബന്ധിച്ച്**

വസ്തുനികുതി കണക്കാക്കുന്ന സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളെ "സർക്കാർ തദ്ദേശഭരണ സ്ഥാപനത്തിനു വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടം (സെ. 207 (1 (എച്ച്) )" എന്ന വിഭാഗത്തിൽപ്പെടുത്തി വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നം | കെട്ടിട നമ്പർ, വിലാസം | വിസ്തീർണ്ണം(ച.മീറ്ററിൽ) |
|---|---|---|
| 1 | 2/435, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി,വലമ്പിലിമംഗലം | 23 |
| 2 | 12/167, കേരളവാട്ടർ അതോറിറ്റി | 25 |
| 3 | 12/523, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി | 18 |
| 4 | 3/170, കല്യാണമണ്ഡപം | 20 |

1994-ലെ കേരള പഞ്ചായത്തുരാജ് ആക്റ്റ്, നിയമം 207 (എച്ച്) പ്രകാരം ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വക കെട്ടിടങ്ങളും, സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടങ്ങളും നികുതി, ഉപനികുതി മുതലായവയിൽ നിന്ന് ഒഴിവാക്കാവുന്നതാണ്. എന്നാൽ കേരളവാട്ടർ അതോറിറ്റിയുടെ മേൽ കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കാനുള്ള കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി

(21/09.11.2023) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. കേരള വാട്ടർ അതോറിറ്റി കെട്ടിടങ്ങളെ വസ്തുനികുതി നിർണ്ണയത്തിന് വിധേയമാക്കേണ്ടതാണ്.

**1-13 വസ്തുനികുതി- തെറ്റായഗണത്തിൽപ്പെടുത്തി നിർണ്ണയിച്ചിരിക്കുന്നു**

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങൾ വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നു.

| ക്രമ നം | കെട്ടിടത്തിന്റെ ഉപയോഗം | വിസ്തീർണ്ണം(ച.മീറ്ററിൽ) | കെട്ടിട നമ്പർ, വിലാസം |
|---|---|---|---|
| 1 | Cement Briks, And Hollow Briks | 289.8 | 1/253 A മോഹനൻ,വലമ്പിലിമംഗലം |
| 2 | Welding Shop | 15.06 | 8/196A, രഘുനാഥ്,പുഞ്ചപ്പാടം, |

വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 10/- രൂപയും ഇതരവ്യവസായങ്ങൾക്ക് 50/- രൂപയുമാണ് പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള വസ്തുനികുതി നിരക്ക്. മേൽ കെട്ടിടങ്ങളെ ഇതരവ്യവസായങ്ങൾക്കുള്ള കെട്ടിടങ്ങൾ എന്ന ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കാത്തതിൻമൂലം വസ്തുനികുതി ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇവ പരിശോധിക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (21/09.11.2023) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി പുനർ നിർണ്ണയിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

**1-14 മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല**

ശ്രീകൃഷ്ണപുരം ബി.എസ്.എൻ.എൽ. ഓഫീസ് കോമ്പൗണ്ട്, ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന് സമീപം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കാൻ 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖ.1-14 , 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് എന്നിവയിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് പാലിച്ചു കാണുന്നില്ല.

സർക്കുലർ നമ്പർ 40395/ആർ.സി.2/2014 തസ്വഭവ തീയതി 19-10-2014 പ്രകാരം മൊബൈൽ ടവറുകളുടെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനായി സ്പെഷ്യൽ ഡ്രൈവ് നടത്തുവാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിയിരുന്നു. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ അനധികൃതമായി പ്രവർത്തിച്ചുവരുന്ന മൊബൈൽ ടവറുകൾ ഇല്ല എന്ന് ഉറപ്പാക്കുന്നതിന് സ്പെഷ്യൽ ഡ്രൈവ്/ ഫീൽഡ് പരിശോധന നടത്തേണ്ടതാണ്. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച അപാകത പരിഹരിച്ച് വസ്തുനികുതി നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-15 തൊഴിൽ നികുതി ഡിമാന്റ് ചെയ്യൽ- നടപടിക്രമങ്ങൾ പാലിക്കുന്നില്ല**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് മറ്റ് സ്ഥലങ്ങളിൽ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും, ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്.
തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എന്ന് കാണുന്നു.

തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ താഴെ ചേർക്കുന്നു.

1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, നിയമം 205 ബി വകുപ്പ് പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ് .

2. 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ , ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടൽ- തൊഴിലുടമയോടോ ,അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്.

3. ചട്ടം 17 (നികുതി നിശ്ചയിക്കലും അറിയിപ്പും) പ്രകാരം II-ാം നമ്പർ ഫാറത്തിലെ വിവരങ്ങൾ കിട്ടിയാൽ കഴിയുന്നിടത്തോളം വേഗത്തിൽ 1996-ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങളിലെ 7-ാം ചട്ടം ആവശ്യപ്പെടുന്ന പ്രകാരം (സെക്രട്ടറി) നികുതി നിർണ്ണയിക്കേണ്ടതും അങ്ങനെ നിർണ്ണയിച്ച നികുതിയുടെ ബില്ലിന്റെയോ ഡിമാന്റ് നോട്ടീസിന്റെയോ പകർപ്പ് ബന്ധപ്പെട്ട ആഫീസ് തലവനോ, തൊഴിലുടമക്കോ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിനായി അയച്ചുകൊടുക്കുകയോ അല്ലെങ്കിൽ അത്തരം ബില്ലുകളോ, ഡിമാന്റ് നോട്ടീസുകളോ ബന്ധപ്പെട്ട ജീവനക്കാരുടെ ശ്രദ്ധയിൽ വരത്തക്കവണ്ണം ഉചിതമെന്ന് തോന്നുന്ന രീതി ഏതാണോ ആ തരത്തിൽ ചെയ്യേണ്ടതുമാണ്. നികുതി നിർണ്ണയത്തിനെതിരെ ആക്ഷേപം വല്ലതുമുണ്ടെങ്കിൽ ബന്ധപ്പെട്ട ജീവനക്കാരന് ആയത്, തൊഴിലുടമക്കോ ആഫീസ് തലവനോ നോട്ടീസ് കിട്ടിയ തീയതി മുതൽ 30 ദിവസത്തിനകം ബോധിപ്പിക്കാവുന്നതാണ്. ആക്ഷേപങ്ങൾ ഉള്ള പക്ഷം ആയത് കൂടി തീർപ്പ് കൽപ്പിച്ചശേഷം നിശ്ചയിക്കപ്പെടുന്ന തുകയാണ് ചുമത്തേണ്ടുന്ന തൊഴിൽ നികുതി.

4. ചട്ടം 18. ( ചുമത്താവുന്ന നികുതി ഡിമാന്റ് ചെയ്യൽ) എന്നിവ പ്രകാരം തൊഴിൽ നികുതി നിശ്ചയിക്കലിനെതിരെയുള്ള ആക്ഷേപം സമർപ്പിക്കാനുള്ള സമയം കഴിഞ്ഞ ഉടനെയും മറ്റു സംഗതിയിൽ ആക്ഷേപം തീർപ്പു കൽപ്പിച്ചയുടനെയും, സെക്രട്ടറി നികുതിദായകരുടെ ബിൽഡിമാന്റ് നോട്ടീസ് II-ാം നമ്പർ ഫോറത്തിൽ രണ്ടു പകർപ്പുകൾ തയ്യാറാക്കിക്കേണ്ടതും ആയത് IV-ാം നമ്പർ ഫാറത്തിലുള്ള അപേക്ഷയോടൊപ്പം (രണ്ടു പകർപ്പ് വീതം) തൊഴിലുടമയ്ക്ക് അയക്കേണ്ടതും ആയത് അവിടെയുള്ള തൊഴിലാളികൾക്ക്/ജീവനക്കാർക്ക് നോട്ടീസിൽ പറയുന്ന നിശ്ചിത തീയതിക്കകം നടത്തി ബില്ലിന്റെ/ ഡിമാന്റ് നോട്ടീസിന്റെ ഡ്യൂപ്ലിക്കേറ്റ് കൈപ്പറ്റിയതിന്റെ തെളിവുസഹിതം തൊഴിലുടമ / ആഫീസ് തലവൻ തിരികെ സമർപ്പിക്കേണ്ടതുമാണ്.

ഇത്തരം നടപടിക്രമങ്ങൾ പാലിക്കാതെയാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നത്. തൻമൂലം പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്യു വ്യക്തികൾ, കരാറുകാർ, പ്രൊഫഷണലുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ തൊഴിൽ നികുതി പൂർണ്ണമായും അസസ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.
(ഓഡിറ്റ് എൻക്വയറി നം. 22/09.11.23). തൊഴിൽ നികുതി ഈടാക്കുന്നതിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ചട്ടങ്ങൾ പാലിച്ച് തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ നടപടി ഉറപ്പാക്കേണ്ടതാണ്.

## 1-16 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

വാടക ഡിമാന്റ് രജിസ്റ്റർ , വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ വാടക ഇനത്തിൽ താഴെ പറയുന്ന തുക പിരിച്ചെടുക്കാനുള്ളതായി കാണുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| തൻ വർഷം | 1024732 | 971882 | 52850 |
| കുടിശ്ശിക | 438435 | 0 | 438435 |
| ആകെ | | | 491285 |

മുൻവർഷങ്ങളിലും കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കാനുള്ള തുകയായ 438435/- രൂപ തുടർന്ന്

വരുന്നതായി കാണുന്നു. വാടക രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (20/09.11.2023) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-17 ലൈവ്സ്റ്റോക്ക് ഫാമുകൾ-പരിശോധന നടത്തുന്നില്ല

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

| ക്രമ നം | ഫാമിന്റെ പേര് | ലൈസൻസ് നമ്പർ |
|---|---|---|
| 1 | ശിൽപ പൗൾട്രി ഫാം | 455 |
| 2 | ലക്ഷ്മികുട്ടി, പൗൾട്രി ഫാം | 452 |
| 3 | നാരായണൻ, പൗൾട്രി ഫാം | 388 |
| 4 | ആന്റണി ജോസഫ്, പൗൾട്രി ഫാം | 377 |
| 5 | അജിത - പൗൾട്രി ഫാം | 85 |

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം അനുവദിക്കപ്പെടുന്ന ലൈസൻസുകളുടെ വിവരം ഇതിനായി വച്ചുപോരുന്ന ഒരു രജിസ്റ്ററിൽ സെക്രട്ടറി എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇത്തരം ലൈവ്സ്റ്റോക്ക് ഫാം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
കൂടാതെ ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം പരിശോധന നടത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (20/09.11.2023) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കേണ്ടതും പരിശോധനകൾ പൂർത്തീകരിക്കേണ്ടതുമാണ്.

## 1-18 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

1. ശ്രീകൃഷ്ണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസ് ആൻഡ് ടെക്നോളജി - ലൈസൻസ് നമ്പർ-186/2022-23

2. എയിംസ് റിഗർ- ലൈസൻസ് നമ്പർ - 7/2022-23

എന്നാൽ മേൽ സ്ഥാപനങ്ങൾ 1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ നടത്തിയിട്ടില്ല. ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ ഇല്ലാതെയാണ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്.

ഒരു ട്യൂട്ടോറിയൽ സ്ഥാപനം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫാറം 1-ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി, അത് നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെടുത്തപ്പെട്ടിട്ടുള്ള ആളോ ഇരുന്നൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ട്യൂട്ടോറിയൽ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ സ്വീകരിച്ചാൽ ഒരാഴ്ചയ്ക്കകം സെക്രട്ടറിയോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ, അപേക്ഷകൻ സ്ഥാപനം തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച് സ്ഥലത്തിന്റെ ശുചിത്വം, കെട്ടിടത്തിന്റെയോ, കെട്ടിടങ്ങളുടെയോ സുരക്ഷിതത്വം, അതിന്റെ തറ വിസ്തീർണ്ണം, അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം, അപേക്ഷയിൽ പറയുന്ന മറ്റ് വിവരങ്ങളുടെ നിജസ്ഥിതി എന്നിവ സംബന്ധിച്ച അപേക്ഷയുടെ ബന്ധപ്പെട്ട ഭാഗത്ത് ഒരു അന്വേഷണ റിപ്പോർട്ട് എഴുതി തയ്യാറാക്കേണ്ടതാണ്. സെക്രട്ടറി, അപേക്ഷയിലെ വിശദാംശങ്ങളും അന്വേഷണ റിപ്പോർട്ടും പരിഗണിച്ചശേഷം രജിസ്ട്രേഷൻ നൽകണമോ എന്ന കാര്യത്തിൽ ഒരു തീരുമാനം എടുക്കേണ്ടതും ചട്ടം 2 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സൂക്ഷിച്ചുപോരുന്ന ഫോറം 2 പ്രകാരമുള്ള ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (20/09.11.2023) ന് മറുപടിയായി ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 പാരാമെഡിക്കൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

| ക്രമ നം | സ്ഥാപനം | ലൈസൻസ് നമ്പർ |
|---|---|---|
| 1 | നന്ദനം ഡയഗ്നോസ്റ്റിക് സെൻറർ | 71 |
| 2 | ശ്രീകൃഷ്ണപുരം മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് | 139 |
| 3 | ഡോ.മായാസ് ഹോമിയോ ക്ലിനിക് | 147 |
| 4 | സ്മൈൽ ഡി കെയർ ഡെന്റൽ ക്ലിനിക് | 299 |
| 5 | റോയൽ ഡെന്റൽ ക്ലിനിക് | 404 |

എന്നാൽ മേൽ സ്ഥാപനങ്ങൽ 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ ചെയ്തിട്ടില്ല എന്ന് കാണുന്നു. കൂടാതെ സ്വകാര്യ ആശുപത്രികളേയും പാരാമെഡിക്കൽ സ്ഥാപനങ്ങളേയും സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിനു സൂക്ഷിച്ചുപോരുന്ന ഫോറം 2 പ്രകാരമുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ

അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടില്ലാത്തതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (20/09.11.2023) ന് മറുപടിയായി 2023-24 വർഷത്തിൽ മേൽ സ്ഥാപനങ്ങൾ ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട് എന്നും രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

**1-20 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗ വിവരം ലഭ്യമായിട്ടില്ല**

2022-23 വർഷം വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പശുക്കുട്ടികളെ ശരിയായി സംരക്ഷിക്കുന്നതിന് ശാസ്ത്രീയ പരിചരണവും കർഷകന് ധനസഹായവും നൽകുന്ന കന്നുകുട്ടി പരിപാലന പദ്ധതിയിൽ പഞ്ചായത്തിലെ തിരഞ്ഞെടുത്ത 50 ഗുണഭോക്താക്കളുടെ 4 മുതൽ 6 മാസം പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ 50% വിതരണം ചെയ്യുന്നതിന് അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന് തുക കൈമാറുന്നതിനാണ് പദ്ധതി ലക്ഷ്യം വച്ചിരിക്കുന്നത്. ഇതിനായി 50% പഞ്ചായത്ത് വിഹിതമായ 12500 രൂപയും, 50% ഗുണഭോക്തൃവിഹിതമായ 12500 രൂപയും ഉൾപ്പെടെ ഒരു ഗുണഭോക്താവിന് 25000 രൂപ പദ്ധതി പ്രകാരം വകയിരുത്തിയിട്ടുണ്ട്. 50 ഗുണഭോക്താക്കളുടെ വിഹിതമായ 625000/-രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫീഡ് സബ്സിഡി പ്രോഗ്രാം ,പാലക്കാടിന്റെ അക്കൗണ്ടിലേക്ക്(714021400000008) നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു

പ്രൊജക്ട് നം- 93/23

അടങ്കൽ - 625000

ചെലവ് -625000

ബിൽ നം -29/17.03.23

മേൽ സൂചിപ്പിച്ച പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു

1)തുക കൈപ്പറ്റിയതിനുള്ള രശീതി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
2)കന്നുകുട്ടി പരിപാലനപദ്ധതി സംബന്ധിച്ച മാർഗരേഖ ജി.ഒ(എം.എസ്) 11/2001/ മൃഗസംരക്ഷണം തീയ്യതി 20-1-01 പ്രകാരം സബ്സിഡിയായി തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന തുകയുടെ ഭൗതികനേട്ട റിപ്പോർട്ട് പദ്ധതിയുടെ ജില്ലാ കോർഡിനേറ്റർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നൽകിയ വിവരം ലഭ്യമാക്കിയിട്ടില്ല

3)പദ്ധതി പൂർത്തിയായ വിവരം തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(15/07.11.23) നൽകിയ മറുപടിയിൽ പാലക്കാട് അസിസ്റ്റന്റ് ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട് . ആയത് ലഭിക്കുന്ന മുറക്ക് സമർപ്പിക്കുന്നതാണ് എന്നതാണ്.

പദ്ധതിയുടെ പുരോഗതി വിവരം, വിനിയോഗ വിവരം എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-21 ABC പ്രോഗ്രാം തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല**

| | |
|---|---|
| പ്രൊജക്ട് നം., പേര് | 234/23, എ ബി സി പ്രോഗ്രാം |
| അടങ്കൽ | 350000 രൂപ (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | ബിൽ നം. 09/22-23/22.12.2022 - 350000 രൂപ |

| | |
|---|---|
| നിർവഹണം | വെറ്ററിനറി സർജൻ |

ജില്ലാ പഞ്ചായത്ത് നിർവഹണം നടത്തുന്ന പദ്ധതിക്ക് വിഹിതം കൈമാറുന്നതിനാണ് തുക നൽകിയിരിക്കുന്നത്. അലഞ്ഞു തിരിയുന്ന തെരുവു നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിനായാണ് പദ്ധതി ലക്ഷ്യം വച്ചിരിക്കുന്നത്.തെരുവു നായ്ക്കളുടെ വർദ്ധനവ് മൂലം പൊതുജനങ്ങൾക്കു ഉണ്ടാവുന്ന ശല്യം തടയുന്നതിനും പഞ്ചായത്തിനെ പേ വിമുക്ത മേഖലയാക്കി മാറ്റുന്നതിനുമായാണ് പദ്ധതി ഉദ്ദേശിക്കുന്നത്. ഇതിനായി തുക ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് (നം. 799011400002200) മാറി നൽകിയിട്ടുണ്ട്.

പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) ജില്ലാ പഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്ത് വിഹിതം ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

2) പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പഞ്ചായത്ത് പരിധിയിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളുടെ വിവരം ലഭ്യമാക്കിയിട്ടില്ല

3) പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.04.2022 ലെ സ.ഉ(കൈ)നം. 84/2022/തസ്വഭവ) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമായിട്ടില്ല

മേൽ പദ്ധതി പൂർത്തികരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യാമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/07.11.23 ) മറുപടി ലഭ്യമാക്കിയതിൽ ബന്ധപ്പെട്ട വകുപ്പിന് കത്തയച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനു സമർപ്പിക്കാമെന്നുമാണ് അറിയിച്ചത്. പദ്ധതി പുരോഗതി യഥാസമയം അറിയിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-22 മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ ലഭ്യമാക്കിയതിന്റെ ബില്ലുകൾ ലഭ്യമായില്ല.യഥാർത്ഥ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

2022-23 വർഷത്തിൽ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി മൃഗാശുപത്രിയിലേക്ക് കമ്പ്യൂട്ടർ , പ്രിന്റർ എന്നിവ വാങ്ങിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. GEMൽ നിന്ന് മൾട്ടിഫങ്ഷൻ പ്രിന്ററും Cprcs നിന്നും ഡെസ്ക്ടോപ്പും (Ubudu) വാങ്ങുന്നതിന് തുക നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ഫണ്ട് വിവരം | ചെലവു തുക | ഇൻവോയ്സ് നം,തിയ്യതി |
|---|---|---|---|---|---|
| 1 | 99/23, മൃഗാശുപത്രിയിലേക്ക് കംപ്യൂട്ടർ, പ്രിന്റർ വാങ്ങൽ | 66000/- | മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | ആകെ ചെലവ്- **60846**/-<br>ബിൽനം-,തുക 1)35/27.03.23 **42797**/-രൂപ KELTRON ന് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങിയതിന് നൽകിയത് | 1)22-23/PKD-3883/20.03.23 പ്രകാരം CANONമൾട്ടി ഫങ്ഷൻ പ്രിന്റർ ലഭ്യമായിട്ടുണ്ട്.<br>2) കമ്പ്യൂട്ടർ Keltron ൽ നിന്ന് ലഭ്യമായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | | | 2)36/27.03.23<br>**തുക18049/-**<br>CBS Corporate Buisiness Solution Pvt.ltd(GEM Purchase) ന് പ്രിന്റർ ലഭ്യമാക്കുന്നതിന് നൽകി | |

ഫയൽ പരിശോധിച്ചതിൽ കമ്പ്യൂട്ടർ മൃഗാശുപത്രിയിലേക്ക് ലഭ്യമായിട്ടില്ലാത്തതായി കാണുന്നു.കമ്പ്യൂട്ടർ ലഭ്യമാക്കാൻ സ്വീകരിച്ച നടപടി വിവരം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/07.11.23) മറുപടിയായി കംപ്യൂട്ടർ ഇൻസ്റ്റാലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ബിൽ ലഭ്യമല്ലാത്തതിനാൽ കമ്പ്യൂട്ടറിന്റെ യഥാർത്ഥ വില എത്രയാണെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഗ്രാമ പഞ്ചായത്ത് നൽകിയ തുകയുടെ യഥാർത്ഥ വിനിയോഗവിവരം ബിൽ സഹിതം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-23 വി.ഇ.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടറുകൾ ലഭ്യമായില്ല

2022-23 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി GEMൽ നിന്ന് മൾട്ടിഫങ്ഷൻ പ്രിന്ററും Cprcs നിന്നും ലാപ്പ്ടോപ്പും വാങ്ങുന്നതിന് തുക നൽകിയിട്ടുണ്ട്. വി.ഇ.ഒ ഓഫീസ് സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് കമ്പ്യൂട്ടറും പ്രിന്ററും നൽകുന്നതിനാണ് പ്രൊജക്ട് വച്ചിരിക്കുന്നത്.വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ഫണ്ട് വിവരം | ചെലവു തുക | ബിൽ തുക | ഇൻവോയ്സ് നം,തിയ്യതി |
|---|---|---|---|---|---|---|
| 1 | 256/23, വിഇ.ഒ ഓഫീസിലേക്ക് കംപ്യൂട്ടർ, പ്രിന്റർ വാങ്ങൽ | 73341/- | മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 66325/-<br>591/28.03.23 | 1)18049/-<br>(CBS Corporate Buisiness Solution Pvt.ltd)<br>2)48276/-<br>(KELTRON) | 1)22-23/PKD-3882/18.03.23പ്രകാരം CANONമൾട്ടിഫങ്ഷൻ പ്രിന്റർ ലഭ്യമായിട്ടുണ്ട്.<br>2) കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല |

ഇതുവരെയായി കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല.
പ്രോജക്ടിൽ വകയിരുത്തിയ ഉപകരണങ്ങൾ സത്വരം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്4/06.11.23 ) മറുപടി ലഭ്യമാക്കിയില്ല.

## 1-24 എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണം വാങ്ങൽ ഉറവിടത്തിൽ നിന്ന് GST TDS കുറവുചെയ്തില്ല

2022-2023 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 80/23 |
| പ്രോജക്ടിന്റെ പേര് | എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണം വിതരണം |
| അടങ്കൽ | ₹ 402935 (വികസന ഫണ്ട് - എസ് സി പി) |
| ചെലവ് | ₹363175 (ബിൽ നം.13/27.10.2022)<br>₹ 39760/- (ബിൽ നം.29/28.03.2023) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

അഞ്ച് ആറ് ക്ളാസ്സുകളിൽ പഠിക്കുന്ന എസ്.സി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് HMൽ നിന്നും ലഭിക്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മേശയും കസേരയും നൽകാനും അതുവഴി പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുവാനുമാണ് പദ്ധതി ലക്ഷ്യം വച്ചിരിക്കുന്നത്. മേൽ പ്രൊജക്ട് പ്രകാരം പഠനോപകരണം ആർട്ട്കോ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിനാണ് തീരുമാനമെടുത്തിരിക്കുന്നത്.

| ഇൻവോയ്സ് നമ്പർ /തീയ്യതി | തുക | എണ്ണം | ആകെ |
|---|---|---|---|
| 148/25.10.22 | | | |
| മേശ(HWTABLE SIZE 3” X 2” With One Draw)47920 | 3274 | 73 | 239002.00 |
| കസേര ( Steel Arm Chair)-47921 | 942 | 73 | 68766.00 |
| ആകെ | | | 307768.00 |
| CGST(9%) | | | 27699.12 |
| SGST(9%) | | | 27699.12 |
| TOTAL | | | 363166/- (Round Off) 363175 |

| ഇൻവോയ്സ് നമ്പർ /തീയ്യതി | തുക | എണ്ണം | ആകെ |
|---|---|---|---|
| 272/25.10.22 | | | |
| മേശ(HWTABLE SIZE 3” X 2” With One Draw)47920 | 2775 | 08 | 22200.00 |
| കസേര ( Steel Arm Chair)-47921 | 1437 | 08 | 11496.00 |

| | | | |
|---|---|---|---|
| ആകെ | | | 33696.00 |
| CGST(9%) | | | 3032.64 |
| SGST(9%) | | | 3032.64 |
| TOTAL | | | 39761.28 (Round Off) 39760.00 |
| GRANT TOTAL | | | 402935.00 |

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെചേർക്കുന്നു.

1)2022-23 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണം നൽകൽ പ്രൊജക്റ്റ് പ്രകാരം ആർട്ട്ക്കോയിൽ (Artisans Development Co-Operative LTD) നിന്നുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. മേൽ പറഞ്ഞ വാങ്ങലുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. CGST ACT 2017സെക്ഷൻ 51(1)ൽ വിതരണത്തിന്റെ ആകെ മൂല്യം 2.5ലക്ഷത്തിൽ കൂടുതൽ സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിലെ കരാറുകാരുടെ ബില്ലിൽ നിന്നും സ്രോതസ്സിൽ നിന്നുതന്നെ 1 % വീതം എസ്.ജി.എസ്.ടി, സി.ജി.എസ്.ടി ഉൾപ്പെടെ ആകെ 2% ടി.ഡി.എസ് കുറവ് ചെയ്യാൻ വ്യവസ്ഥയുണ്ട്.SGST ACT 2017 ആക്ടിലെ സെക്ഷൻ 51(1) ലും സമാന വ്യവസ്ഥയുണ്ട് .സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS ( TAX DEDUCTOR) രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്ന് 1% വീതം ആകെ 2% ശതമാനം കുറവു ചെയ്യേണ്ടതാണ്. ഇങ്ങനെ പിടിക്കുന്ന നികുതി കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് അടവാക്കി കരാറുകാരന് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. എന്നാൽ ബില്ലിൽ നിന്ന് നികുതി കുറവു ചെയ്തതായി കാണുന്നില്ല .

2) സ്റ്റോർ പർചേയ്സ് (A)വകുപ്പിന്റെ ജി.ഒ(RT)7/22/SPD, തിയ്യതി 02.02.2022 അനുസരിച്ച് സർക്കാർ നിശ്ചയിച്ച ആർട്കോ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടുന്ന ഇനങ്ങൾക്ക് ഈടാക്കേണ്ട വിലയല്ല മേശക്കും കസേരക്കും ഈടാക്കിയിരിക്കുന്നത്.
മേൽ വിഷയങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/07.11.23) നൽകിയ മറുപടിയിൽ ഭാവിയിൽ വരുന്ന എല്ലാ പർച്ചേസുകൾക്കും ടി.ഡി. എസ് ഈടാക്കുന്നതാണെന്നും ആർട്കോയുടെ പ്രൈസ് ലിസ്റ്റിൽ പെടുന്ന ഇനങ്ങൾ മാത്രം വാങ്ങാൻ ശ്രദ്ധിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്.

**1-25 പാലിയേറ്റീവ് കെയർ വാഹനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്**

പാലിയേറ്റീവ് കെയർ വാഹനമായി ഉപയോഗിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാരുതി ഈകോയാണ് (KL 51 C 5555). വാഹനത്തിന്റെ ലോഗ് ബുക്ക്, ഇൻഷുറൻസ് എന്നീ രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ലോഗ് ബുക്കിൽ ഇന്ധന ഉപയോഗത്തിന്റെ മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല.

2. വാഹനത്തിന്റെ മൈലേജ് സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ ചേർത്തിട്ടില്ല.

3. 31.03.2006 ലെ സ.ഉ.(പി)നം. 161/2006/ഫിൻ പ്രകാരമുള്ള വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിച്ചിട്ടില്ല.

4. 18.04.2000ലെ സ.ഉ.(പി)നം. 819/2000/ഫിൻ പ്രകാരം സർക്കാർ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ

